# ‘പെൺകുട്ടികളുടെ ഭാവി’ സർക്കാർ കയ്യൊഴിഞ്ഞു

പെൺകുട്ടികളുടെ വർഷത്തോടനുബന്ധിച്ച്, 1992ൽ യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യ പെൺകുട്ടികളുടെ ഭാവിയെക്കുറിച്ച് വാചാലമായി സംസാരിച്ചുകൊണ്ട് ആരംഭിച്ച 'രാജലക്ഷ്മി യൂണിറ്റ് സ്കീം' ഇക്കഴിഞ്ഞ ഒക്ടോ. 1 മുതൽ നിർത്തലാക്കിയിരിക്കുന്നു.

പെൺകുട്ടികൾക്കുവേണ്ടി മാത്രമായി തുടങ്ങിയ ഈ പദ്ധതി, പെൺകുട്ടികൾ പ്രായപൂർത്തിയാകുന്ന സമയത്ത് (21 വയസ്സ്) അവൾക്ക് മെച്ചപ്പെട്ട ഒരു സാമ്പത്തികച്ചുറ്റുപാടൊരുക്കുക എന്ന മോഹനവാഗ്ദാനവുമായി തുടങ്ങിയ ഒന്നാണ്. മറ്റെല്ലാ പദ്ധതിയേക്കാളും ഉയർന്ന പലിശനിരക്ക് വാഗ്ദാനം ചെയ്ത് ആരംഭിച്ച പദ്ധതിയിൽ 12 ലക്ഷത്തോളം പേർ ചേർന്നു. അതിൽ അരലക്ഷത്തോളം കേരളീയരുമുണ്ട്.

പുതിയ സാമ്പത്തിക ചുറ്റുപാടിൽ രാജലക്ഷ്മി ഉദ്ദേശിച്ചിരുന്ന പലിശ നൽകാൻ സാധിക്കില്ലെന്ന ന്യായം പറഞ്ഞാണ് ഈ പദ്ധതിയിൽ നിന്നും യു.ടി.ഐ. പിൻമാറുന്നത്. സർക്കാർ സ്ഥാപനമായ യു.ടി.ഐ. തുടങ്ങിവെച്ചിരിക്കുന്നത് ഒരു മോശം പ്രവണതയാണ് എന്നതാണ് ഏറ്റവും വലിയ പ്രശ്നം. നാളെ മുതൽ ആർക്കും വമ്പൻ വാഗ്ദാനങ്ങൾ നൽകി പണം സമാഹരിക്കാനും പകുതിവഴിക്കുവെച്ച് തൊടുന്യായങ്ങൾ പറഞ്ഞ് പദ്ധതി കൈയ്യൊഴിയാനും ഇനി മടിയുണ്ടാവില്ല.

ഗവൺമെന്റിന്റെ സഹകരണത്തോടെ 'ആദർശ' പ്രേരിതമായി തുടങ്ങിയ പദ്ധതിയുടെ ഗതി ഇതാണെങ്കിൽ വെറും ലാഭം മാത്രം ആദർശമാക്കി വരുന്ന സ്വകാര്യസ്ഥാപനങ്ങൾ ഈ വഴി തെരഞ്ഞെടുത്താൽ ആർക്കും അവരെ കുറ്റംപറയാനാവില്ലല്ലോ.